**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1211** **07-02-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2017-2018 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | വടക്കാഞ്ചേരി ബൈപാസ് നിർമ്മാണം എന്ന പ്രവൃത്തി 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 10/07/2017 ൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018 നവംബർ മാസം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയ അലൈൻമെന്റ് പ്രകാരം നിർദിഷ്ട ബൈപാസിന് 5.10കി.മീ. നീളമാണ് ഉള്ളത്. ഈ അലൈൻമെന്റിൽ 4/810 ചെയിനേജിൽ ഒരു റെയിൽവേ ക്രോസിങ് ഉൾപ്പെട്ട് വരുന്നുണ്ട്. റെയിൽവേ ഉദ്യോഗസ്ഥർ പ്രസ്തുത ചെയിനേജിൽ ഓവർ ബ്രിഡ്ജിന്റെ സ്ഥാനം സ്ഥിരീകരിക്കുകയും, നിർമ്മാണത്തിന് എൻ.ഒ.സി നൽകുകയും ചെയ്യേണ്ടതുണ്ട്. 09/03/2022 ൽ ഇതിനായി റെയിൽവേയുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയും 16/08/2022 ൽ റയിൽവേ ഡിവിഷൻ മാനേജർക്ക് ഈ ആവശ്യം ഉന്നയിച്ച് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. റയിൽവേയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഡി.പിആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കാനുളള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | വടക്കാഞ്ചേരി ബൈപാസ് നിർമ്മാണം എന്ന പ്രവൃത്തി 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 10/07/2017 ൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018 നവംബർ മാസം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയ അലൈൻമെന്റ് പ്രകാരം നിർദിഷ്ട ബൈപാസിന് 5.10കി.മീ. നീളമാണ് ഉള്ളത്. ഈ അലൈൻമെന്റിൽ 4/810 ചെയിനേജിൽ ഒരു റെയിൽവേ ക്രോസിങ് ഉൾപ്പെട്ട് വരുന്നുണ്ട്. റെയിൽവേ ഉദ്യോഗസ്ഥർ പ്രസ്തുത ചെയിനേജിൽ ഓവർ ബ്രിഡ്ജിന്റെ സ്ഥാനം സ്ഥിരീകരിക്കുകയും, നിർമ്മാണത്തിന് എൻ.ഒ.സി നൽകുകയും ചെയ്യേണ്ടതുണ്ട്. 09/03/2022 ൽ |

| | | | |
|---|---|---|---|
| | | | ഇതിനായി റെയിൽവേയുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയും 16/08/2022 ൽ റയിൽവേ ഡിവിഷൻ മാനേജർക്ക് ഈ ആവശ്യം ഉന്നയിച്ച് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. റയിൽവേയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഡി.പിആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ